ഉത്തരം

(എ & ബി) ഉണ്ട്. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേനയും ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തിയും നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. സർക്കാരിന്റെ ധനസ്ഥിതികൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

57 (8117) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ ഡോക്ടർമാരുടെ 49 ഒഴിവുകളാണുള്ളത്.

തസ്തിക	ഒഴിവുകൾ
സിവിൽ സർജൻ	2
സ്പെഷ്യാലിറ്റി കേഡർ	22
അസിസ്റ്റന്റ് സർജൻ	25
ആകെ	49

(ബി) നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിവിൽസർജൻ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly